2. ഗ്യാസ് പൈപ്പ്‌ലൈൻ സ്ഥാപിക്കുന്നതുമൂലമുണ്ടാകുന്ന ആശങ്ക

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡും ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യയുമായുണ്ടാക്കിയ എഗ്രിമെന്റ് പ്രകാരം കൊച്ചിയിൽനിന്ന് മംഗലാപുരത്തേയ്ക്ക് ഗ്യാസ് ട്രാൻസ്പോർട്ട് ചെയ്യുന്നതിന് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ഗ്യാസ് പൈപ്പ് ലൈൻ ഏറ്റവും ജനസാന്ദ്രതയുള്ള പ്രദേശത്തുകൂടിയാണ് കടന്നുപോകുന്നത്. കാസർഗോഡ് താലൂക്കിലെ തെക്കിൽ, മുളിയാർ, ചെങ്കള, പാടി, മുട്ടത്തൊടി വില്ലേജുകളിലെ ജനങ്ങൾക്കാണ് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നോട്ടീസ് ഇപ്പോൾ ലഭിച്ചിട്ടുള്ളത്. രണ്ട് മീറ്റർ വീതിയിൽ പൈപ്പ്‌ലൈൻ സ്ഥാപിക്കുമ്പോൾ പൈപ്പ് ലൈനിന്റെ ഇരുഭാഗങ്ങളിലും 20 മീറ്റർ വീതിയിൽ കെട്ടിട നിർമ്മാണ പ്രവൃത്തികൾ നടത്തുവാനോ മരങ്ങൾ വച്ചുപിടിപ്പിക്കുവാനോ കുളം, കിണർ, ടാങ്ക് തിസർവോയർ മറ്റ് നിർമ്മാണ പ്രവർത്തനങ്ങളോ പാടില്ലെന്ന് കമ്പനി പുറത്തിറക്കിയ സർക്കുവറിൽ പറയുന്നു. ഈ പദ്ധതിമൂലം രണ്ടായിരത്തിലധികം ഏക്കർ ഭൂമിയാണ് നഷ്ടപ്പെടുന്നത്. സ്ഥലത്തിന്റെ അടിസ്ഥാന വിലയുടെ പത്ത് ശതമാനം മാത്രമാണ് കമ്പനി സ്ഥലം ഉടമകൾക്ക് നൽകുന്നത്. കാർഷിക മേഖലയിൽ ഈ പൈപ്പ് ലൈൻ കടന്നുപോകുമ്പോൾ കാർഷിക മേഖലയെ ആശ്രയിച്ച് തലമുറകളോളം ജീവിക്കേണ്ട കർഷകരുടെയും നാട്ടുകാരുടെയും ജീവിതമാണ് വഴിമുട്ടിനിൽക്കുക. ഇതിനെല്ലാം പുറമേ ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിച്ച രാജ്യങ്ങളിലെല്ലാം സ്ഫോടനം നടന്നു, നിരവധി പേർ മരിച്ചു. അമേരിക്ക, ന്യൂ മെക്സിക്കോ, ഗോവ ഇവിടങ്ങളിൽ സ്ഫോടനങ്ങൾ നടന്നു. നിരവധി ജീവനുകൾ അപഹരിക്കപ്പെട്ടു. ഏതാനും ദിവസങ്ങൾക്കുമുമ്പ് ജൂൺ 27-ാം തീയതി വെളളിയാഴ്ച ആന്ധ്രാപ്രദേശിലെ ഗോദാവരി ജില്ലയിലെ നാഗാറാം വില്ലേജിൽ ഗ്യാസ് പൈപ്പ്‌ലൈനിലുണ്ടായ സ്ഫോടനത്തിൽ 16 ഓളം പേർ മരണപ്പെടുകയും 18 പേർക്ക് പരിക്ക് പറ്റുകയും നിരവധി വീടുകൾ അഗ്നിക്കിരയാവുകയും ചെയ്തു. ഗെയിൽ തന്നെയാണ് അറിടെയും ഗ്യാസ് പൈപ്പ്‌ലൈൻ സ്ഥാപിച്ചത്. ഒരു ചായക്കച്ചവടക്കാരൻ സ്റ്റൗ കത്തിച്ചതിനെത്തുടർന്നാണ് ആന്ധ്രയിൽ ദുരന്തമുണ്ടായതെന്നാണ് അവിടത്തെ ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് പറയുന്നത്. ഇതിൽ നിന്നും അനുമാനിക്കേണ്ടത് ഒരു ജാഗ്രതയും അവധാനതയുമില്ലാതെയാണ് ഗെയിൽ ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതെന്നാണ്. അത്തരമൊരു സ്ഥാപനത്തെ നമ്മുടെ സംസ്ഥാനത്തെ ആളുകളുടെ ജീവൻ കൊണ്ട് പന്താടാൻ അനുവദിക്കണമോയെന്ന് നാം ഗൗരവപൂർവ്വം ചിന്തിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, ഗെയിൽ പൈപ്പ്‌ലൈനിന്റെകാര്യം രണ്ട് ദിവസം മുമ്പും സഭ ചർച്ച ചെയ്തതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുൾപ്പെടെ ബഹുമാനപ്പെട്ട പല മെമ്പർമാരും പൈപ്പ്‌ലൈൻ വരാതിരുന്നാലുണ്ടാകുന്ന വൈദ്യുതി പ്രശ്നവും മറ്റും ഉന്നയിച്ചിരുന്നു, ഞാനും ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രിയും അതിന് മറുപടി പറഞ്ഞിരുന്നു. ഗ്യാസ് പൈപ്പ്ലൈൻ പോകുന്നത് ജനസാന്ദ്രതയുള്ള പ്രദേശത്തുകൂടിയാണെങ്കിൽ അതിന് വേറെ ബുദ്ധിമുട്ടുണ്ട്. ജനസാന്ദ്രതയുള്ള പ്രദേശം ഒഴിവാക്കി ആൾട്ടർനേറ്റീവായി കൊണ്ടുപോകുന്ന കാര്യമാണ് ഇപ്പോൾ ഗവൺമെന്റ് ആലോചിച്ചു കൊണ്ടിരിക്കുന്നത്. അനാവശ്യമായ ആശങ്ക ആവശ്യമില്ല. അതിനെപ്പറ്റി ബോധവത്ക്കരണം വേണമെന്ന് നമ്മൾ ഇവിടെ ചർച്ച ചെയ്തു. ജനസാന്ദ്രതയുള്ള പ്രദേശങ്ങൾ ഒഴിവാക്കാൻ വേണ്ടിയുള്ള നടപടി ഗവൺമെന്റ് ആലോചിക്കുന്നതാണ്.

3. സിഗറ്റ്, പുകയില ഉൽപ്പന്നങ്ങളുടെ നികുതി വർദ്ധിപ്പിക്കലും ബോധവൽക്കരണവും

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, സംസ്ഥാനത്ത് പുകയില ഉൽപ്പന്നങ്ങളുടെ നികുതി വർദ്ധിപ്പിക്കണമെന്നാണ് സബ്മിഷനിൽകൂടി ആവശ്യപ്പെടുന്നത്. ആർ.സി.സി.യിലെ പുതിയ പഠനം അനുസരിച്ച് 45 ശതമാനത്തിലധികം കേസുകൾ ആർ.സി.സി.യിൽ വരുന്നത് പുകയില ഉപയോഗിക്കുന്ന ആളുകളിലാണ്. അത് വലിയ ഒരു സാമൂഹ്യവിപത്തായി മാറുകയാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. രാജസ്ഥാൻ 65 ശതമാനമാണ് പുകയില ഉത്പന്നങ്ങൾക്ക് നികുതി വർദ്ധിപ്പിച്ചിരിക്കുന്നത്. നമ്മുടെ സംസ്ഥാനം 12.5 ശതമാനത്തിൽനിന്നും 15 ശതമാനമായി നികുതി വർദ്ധിപ്പിച്ചു. അതുവഴി നൂറ് കോടി രൂപയാണ് അധികവരുമാനമായി ലഭിച്ചത്. സിഗറ്റിന്റെ ഉപയോഗം കുറഞ്ഞുവെന്നാണ് നമ്മൾ കരുതിയിരിക്കുന്നത്. രണ്ടര ശതമാനം നികുതി വർദ്ധിപ്പിച്ചപ്പോൾ 100 കോടി രൂപ റവന്യൂ വരുമാനം അധികം ലഭിച്ചുവെന്നതിനർത്ഥം അതിന്റെ ഉപയോഗം അത്രയധികമുണ്ടെന്നാണ്. രാജസ്ഥാനിൽ ഏതാണ്ട് 900 കോടി രൂപയ്ക്കടുത്ത് പുകയില ഉത്പന്നങ്ങളിൽ നിന്നുള്ള നികുതി അവർക്ക് ലഭിക്കുന്നുണ്ട്. ടാക്സ് വർദ്ധിപ്പിച്ച് കൺസംപ്ഷൻ കുറച്ചുകൊണ്ടു മാത്രമേ ഇതുമൂലമുണ്ടാകുന്ന സാമൂഹ്യ വിപത്ത് പ്രധാനമായും ക്യാൻസർ രോഗം നിയന്ത്രിക്കാൻ കഴിയൂ. 35-ഉം 60-നും വയസ്സിനിടയിൽ പ്രായമുള്ളവർ പുകയില ഉത്പന്നങ്ങൾ ഉപയോഗിക്കുന്നതിന്റെ സാമ്പത്തിക ചെലവ് 1,514 കോടി രൂപയാണെന്ന് ശാസ്ത്രീയമായ പഠനത്തിലൂടെ കണ്ടെത്തിയിട്ടുണ്ട്. 1,514 കോടി രൂപയാണ് ജനങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക ചെലവ്. ടാക്സ് വർദ്ധിപ്പിച്ചാൽ 1,000 കോടി രൂപയ്ക്കടുത്ത് നമുക്ക് ലഭിക്കുന്ന സാഹചര്യം. സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയുള്ളപ്പോൾ നമുക്ക് വരുമാനം വർദ്ധിപ്പിക്കാനുള്ള അവസരമെന്നുമാത്രമല്ല ടാക്സ് വർദ്ധിപ്പിച്ച് കൺസംപ്ഷൻ കുറയ്ക്കാൻ കഴിയുന്ന ഒരു അവസരമാണ്. പുകയില ഉൽപ്പന്നങ്ങളുടെ ഉപയോഗം കൊണ്ട് ക്യാൻസർ ബാധിതരായവർ നിയമസഭയിൽ വന്ന് സ്പീക്കർ ജി. കാർത്തികേയൻ അവർകളെ നേരിട്ട് കണ്ട് ഈ ആവശ്യം ഉന്നയിച്ച സാഹചര്യമുണ്ട്. യു.പി., രാജസ്ഥാൻ പോലുള്ള സംസ്ഥാനങ്ങളുടെ മാതൃക സ്വീകരിച്ചുകൊണ്ട് പുകയില ഉൽപ്പന്നങ്ങൾക്ക് 50 ശതമാനമെങ്കിലും ടാക്സ് വർദ്ധിപ്പിക്കണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly